# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 31/2019(61), ചൊവ്വാഴ്ച — തീയ്യതി 30.07.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 31.07.2019 | 01.08.2019 | 02.08.2019 | 03.08.2019 | 04.08.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 2 | 0.2 | 0.5 | 4 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 16 | 12 | 10 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 320 | 290 | 270 | 290 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 7 | 8 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ വരും ദിവസങ്ങളിൽ മഴയുടെ ശക്തി കുറഞ്ഞുവരാൻ സാധ്യത.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക. | | | |
| നെല്ല് (വിരിപ്പ്) | ചിനപ്പു പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | മഴക്കാലത്ത്, നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും 20ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| വാഴ | കുലച്ച പരുവം | പിണ്ടിപ്പുഴു | മഴക്കാലമായതിനാൽ, വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് അല്ലെങ്കിൽ 2 മി.ലി ക്യുനാൽഫോസ് ഒരുലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങിചെല്ലത്തക്കവിധം പശ ചേർത്ത് തളിച്ച് കൊടുക്കാവുന്നതാണ്. |
| ജാതി | | കായ് അഴുകൽ, ഇല പൊഴിച്ചിൽ - | മഴക്കാലത്ത്, ജാതിയിൽ വരുന്ന കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങളെ തടയുന്നതിനും, ചെറുക്കുന്നതിനും മുൻകരുതലായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. |
| പച്ചക്കറികൾ (വെണ്ട) | | പച്ചത്തുള്ളൻ | വെണ്ടയിൽ പച്ചത്തുള്ളന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയാക്കി വെയ്ക്കുവാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണാക്കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടിവെക്കുക. (CAADECCS, KVASU മണ്ണുത്തി) | | |